# മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ

**Reg. No:194/1976**

## മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

1) പേര് : ഈ അസോസിയേഷന്റെ പേര് മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ എന്നായിരിക്കണം.

2) ഓഫീസ് : ഈ അസോസിയേഷന്റെ ഓഫീസ് ബൈബിൾ ഫെലോഷിപ്പ് സെന്റർ House No.163 Ward 3 നിലമ്പൂർ പഞ്ചായത്ത് ആയിരിക്കുന്നതാണ്.

3) അഡ്രസ്സ് : മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ, ബൈബിൾ ഫെലോഷിപ്പ് സെന്റർ മുക്കട്ട നിലമ്പൂർ R.S Pin 679330

4) പ്രവർത്തന പരിധി മലപ്പുറം ജില്ല

5) ഉദ്ദേശങ്ങൾ

I a. കർത്താവായ യേശു ക്രിസ്തുവിന്റെ കൽപന അനുസരിച്ച്'' സുവിശേഷ'' പ്രവർത്തനങ്ങൾ നടത്തുക.

b. വേദ പുസ്തകാനുസരണമുള്ള സുവിശേഷ വിഹിത വിശ്വാസം പരിപാലിക്കുക,പഠിപ്പിക്കുക

c.''നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണയുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ''എന്ന ബൈബിൾ വചന പ്രകാരം സ്വന്തം ജീവിതത്തിൽ വിശുദ്ധിയുള്ളവരായിരിക്കുക.

II സാമൂഹ്യസേവനം, രോഗികൾ, അനാഥർ, ദരിദ്രർ, വയോവൃദ്ധർ മുതലായവരെ ജാതിമത സഭാ വ്യത്യാസമെന്യേ ശുശ്രൂഷിക്കുക. അർഹതയുള്ളവർക്കു വിദ്യാഭ്യാസം, വൈദ്യസഹായം, തൊഴിൽ പരിശീലനങ്ങൾ മുതലായവ ലഭിക്കാൻ പ്രയത്നിക്കുക.

III തത്തുല്യമായ ഉദ്ദേശങ്ങളോടു കൂടി പ്രവർത്തിക്കുന്നവരുമായി സഹകരിക്കുകയും ആവശ്യമെങ്കിൽ അങ്ങനെയുള്ളവരെ സഹായിക്കുകയും ചെയ്യുക.

IV മേൽപറഞ്ഞ ഉദ്ദേശങ്ങളുടെ നിർവഹണത്തിനായി പണം സംഭാവനയായി സ്വീകരിക്കുക,വായ്പ വാങ്ങുക,വായ്പ തിരികെ കൊടുക്കുക,.

V മേൽപറഞ്ഞ ഉദ്ദേശനിർവഹണത്തിനു ആവശ്യമായ സ്ഥാവരജംഗമസ്വത്തുക്കൾ വാങ്ങിക്കുക.പണയത്തിനോ,വാടകക്കോ എടുക്കുക,കൈമാറ്റം ചെയ്യുക,വിൽക്കുക,പണയപ്പെടുത്തുക,ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക.പരിഷ്കരിക്കുക ,സൂക്ഷിക്കുക,വാടകക്കുകൊടുക്കുക.

VI മുകളിൽ പറഞ്ഞ 1 മുതൽ 5 വരെയുള്ള ഉദ്ദേശങ്ങൾ കൂടാതെ മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ ഉദ്ദേശനിർവഹണത്തിനു ആവശ്യമായ മറ്റു എല്ലാ കാര്യങ്ങളും തീരുമാനിച്ചു നടപ്പിലാക്കുക.

VII ഈ ഫെലോഷിപ്പിലേക്കുള്ള ഏതൊരുവിധ വരുമാനവും ഇതിന്റെ ഉദ്ദേശാദർശങ്ങൾക്കും, ധാർമിക പുരോഗതിക്കും മാത്രമേ ഉപയോഗിക്കുകയുള്ളൂ.

## പ്രവർത്തകസമിതിയിൽ ഇപ്പോഴുള്ള അംഗങ്ങൾ

| | പേരും വീട്ടു പേരും | മേൽ വിലാസം | സ്ഥാനം |
|---|---|---|---|
| 1 | റവ റന്റ് പി.പി.തോമസ് പള്ളത്തിൽ | മുക്കട്ട നിലമ്പൂർ R.S | പ്രസിഡന്റ് |
| 2 | ഏ.കെ.ഈശോ ആറ്റാച്ചേരിൽ | പാലാങ്കര P.O നിലമ്പൂർ R.S | വൈസ് പ്രസിഡന്റ് |
| 3 | കെ.ജോർജ്ജ് തുട്ടിരാടത്തു | മുപ്പിനി,മൂത്തേടം, P.O നിലമ്പൂർ | സെക്രട്ടറി |
| 4 | സി.എ.തോമസ്സ് ചെമ്മരിക്കാട്ട് | വടക്കുംപാടം,കാരാട് P.O വണ്ടൂർ | ട്രഷറർ |
| 5 | വി.ജെ.ജോൺ വള്ളക്കാലിൽ | പാലാങ്കര,നിലമ്പൂർ R.S | കമ്മറ്റിമെമ്പർ |
| 6 | കെ.എം.മത്തായി കുറിക്കാട്ടുപാറ | മുപ്പിനി,മൂത്തേടം P.O നിലമ്പൂർ R.S | ,, |
| 7 | പി.എം. ജോർജ്ജ് തട്ടാൻ പറമ്പിൽ | മുപ്പിനി,മൂത്തേടം P.O നിലമ്പൂർ R.S | ,, |

മേൽപ്പറഞ്ഞ ഉദ്ദേശങ്ങളുമായി താഴെ പേരെഴുതി ഒപ്പിടുന്ന ഞങ്ങൾ 1860-ലെ ഇന്ത്യൻ സൊസൈറ്റി റെജിസ്ട്രേഷൻ ആക്ട് XXI-ാം പ്രകാരം **മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ** എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നു.

എന്ന് 1976 നവംബർ 19

1. റവറന്റ് പി.പി.തോമസ്സ് പള്ളത്തിൽ, മുക്കട്ട, നിലമ്പൂർ R.S — പ്രസിഡന്റ്
2. ഏ.കെ.ഈശോ ആറ്റാച്ചേരിൽ വീട് .പാലാങ്കര P.O നിലമ്പൂർ R.S — വൈസ്പ്രസിഡന്റ്
3. കെ ജോർജ്ജ് ഇട്ടിരാടത്തു ,മുപ്പിനിഊ ,മൂത്തേടം നിലമ്പൂർ — സെക്രട്ടറി.
4. സി.എ.തോമസ്സ് ചെമ്മരിക്കാട്ട്, വടക്കുംപാടം, കാരാട് P.O — ട്രഷറർ
5. വി.ജെ.ജോൺ വള്ളക്കാലിൽ, പുത്തൻപുരക്കൽ, പാലാങ്കര P.O, കരുളായി ,നിലമ്പൂർ — കമ്മറ്റി മെമ്പർ.
6. കെ.എം.മത്തായി — കമ്മറ്റി മെമ്പർ
7. പി.എം.ജോർജ്ജ് .തട്ടാൻപറമ്പിൽ മുപ്പിനി. — കമ്മറ്റി മെമ്പർ

*സാക്ഷികൾ.*

1. പൊൻവേലിൽ .പി.ജെ.ജോൺ, കരുളായി P.O
2. പി.സി.വർക്കി ,പൂത്തോടത്തുമണ്ണിൽ, പുല്ലഞ്ചേരി P.O

## നിയമാവലി

മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ.

1. **പേര്**.. ഈ അസോസിയേഷന്റെ പേര് മലബാർ ബൈബിൾ ഫെലോഷിപ്പ് എന്നായിരിക്കും.
2. **ഓഫീസ്**. ഈ അസോസിയേഷന്റെ ഓഫീസ് ബൈബിൾ ഫെലോഷിപ്പ് സെന്റർ House.No163 ward 3 നിലമ്പൂർ പഞ്ചായത്ത് അറിയിക്കുന്നതാണ്.
3. **അഡ്രസ്സ്**.: മലബാർ ബൈബിൾ ഫെലോഷിപ്പ്,നിലമ്പൂർ,ബൈബിൾ ഫെലോഷിപ്പ്സെന്റർ, മുക്കട്ട,നിലമ്പൂർ pin - 679330
4. **പ്രവർത്തന പരിധി**. : മലപ്പുറം ജില്ല.
5. **ഉദ്ദേശങ്ങൾ**. :

   Ia കർത്താവായ യേശുക്രിസ്തുവിന്റെ കല്പന അനുസരിച്ച് സുവിശേഷ പ്രവർത്തനങ്ങൾ നടത്തുക

   Ib വേദ പുസ്തകാനുസരണമുള്ള സുവിശേഷ വിഹിത വിശ്വാസം പരിപാലിക്കുക,പഠിപ്പിക്കുക.

   Ic നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണയുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ. എന്ന ബൈബിൾ വചന പ്രകാരം സ്വന്തം ജീവിതത്തിൽ വിശുദ്ധിയുള്ളവരായിരിക്കുക.

   II സാമൂഹ്യസേവനം . രോഗികൾ, അനാഥർ,ദരിദ്രർ,വയോവൃദ്ധർ മുതലായവരെ ജാതി മത സഭാ വ്യത്യാസമന്യേ ശുശ്രൂഷിക്കുക. അർഹരായവർക്കു വിദ്യാഭ്യാസം, വൈദ്യസഹായം ,തൊഴിൽ പരിശീലനങ്ങൾ മുതലായവ ലഭിക്കുവാൻ പ്രയത്നിക്കുക.

   III തത്തുല്യ ഉപദേശങ്ങളോടുകൂടി പ്രവർത്തിക്കുന്നവരുമായി സഹകരിക്കുകയും ആവശ്യമെങ്കിൽ അങ്ങനെയുള്ളവരെ സഹായിക്കുകയും ചെയ്യുക.

   IV മേൽപറഞ്ഞ ഉദ്ദേശങ്ങളുടെ നിർവഹണത്തിനായി വേണ്ടിവരുന്ന പണം സംഭാവനയായി സ്വീകരിക്കുക.വായ്പ വാങ്ങുക,വായ്പ തിരികെ കൊടുക്കുക.

   V മേൽപറഞ്ഞ ഉദ്ദേശനിർവഹണത്തിനു ആവശ്യമായ സ്ഥാവരജംഗമ സ്വത്തുക്കൾ വാങ്ങിക്കു,പണയത്തിനോ വാടകക്കോ എടുക്കുക,കൈമാറ്റം ചെയ്യുക,വിൽക്കുക,പണയപ്പെടുത്തുക,ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക,പരിഷ്കരിക്കുക,സൂക്ഷിക്കുക,വാടകക്കു കൊടുക്കുക.

   VI മേൽപറഞ്ഞ 1 മുതൽ 3 വരെയുള്ള ഉദ്ദേശങ്ങൾ കൂടാതെ മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റ ഉദ്ദേശനിർവഹണത്തിന് ആവശ്യമായ മറ്റു എല്ലാ കാര്യങ്ങളും തീരുമാനിച്ചു നടപ്പിലാക്കുക.

   VII ഈ ഫെലോഷിപ്പിലേക്കുള്ള ഏതൊരു വിധ വരുമാനവും ഇതിന്റെ ഉദ്ദേശാദർശങ്ങൾക്കും ധാർമിക പുരോഗതിക്കും മാത്രമേ ഉപയോഗിക്കുകയുള്ളൂ.
6. **ഭരണം** :

   1. മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിനു ഒരു പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,സെക്രട്ടറി,ട്രഷറർ എന്നീ ഔദ്യോഗിക ചുമതലക്കാർ ഉണ്ടായിരിക്കേണ്ടതാണ്.

   2. ഉദ്യോഗസ്ഥാംഗങ്ങൾ ഉൾപ്പെടെ 7 പേരുള്ള ഒരു പ്രവർത്തക സമിതിയെ പൊതുയോഗം 3 വർഷത്തേക്കു തെരഞ്ഞെടുക്കണം.
7. **ജനറൽ ബോഡിയോഗം** 1. ഈവർഷം തികയുമ്പോൾ പ്രവർത്തകസമിതി ഡിസംബർ മാസത്തിൽ വിളിച്ചുകൂട്ടി അടുത്ത 3 വർഷത്തേക്കുള്ള പ്രവർത്തക സമി

തിയെ തെരഞ്ഞെടുക്കണം. തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ബന്ധപ്പെട്ട റജിസ്റ്റാർക്കു അയച്ചു കൊടുക്കണം.

2. ജനറൽ ബോഡി നിശ്ചയിക്കുന്ന ഓഡിറ്ററെകൊണ്ടു ഈ ഫെലോഷിപ്പിന്റെ വരവും ചിലവും നീക്കിയിരിപ്പും ഓഡിറ്റു ചെയ്യിച്ചു വാർഷിക യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കണം.സാമ്പത്തിക വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയായിരിക്കും.

3. കോറം 51 ശതമാനം ആയിരിക്കണം.

4. പ്രവർത്തകസമിതിയിൽ കാലാവധിക്കു മുമ്പു ഒഴിവു വന്നാൽ പൊതു യോഗങ്ങളിൽ നിന്നു ആസ്ഥാനത്തോടെ ആളുകളെ പ്രവർത്തകസമിതി തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

5. എല്ലാവിധ തീരുമാനങ്ങളും പ്രാർത്ഥനാപൂർവ്വം ഏകാഭിപ്രായമായിരിക്കാൻ ശ്രദ്ധിക്കണം.

8. **പ്രവർത്തകസമിതിയോഗം.** 1. പ്രവർത്തകസമിതി മലബാർ ബൈബിൾ ഫെലോഷിപ്പു നിലമ്പൂരിന്റെ ഭരണ ചുമതല വഹിക്കുന്നതായിരിക്കും.

2. മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ നിയമാവലിക്കനുസരണമായി മാത്രം പ്രവർത്തകസമിതി പ്രവർത്തിക്കേണ്ടതാണ്.

3. പ്രസിഡന്റിന്റെ ആജ്ഞാനുസരണം സെക്രട്ടറി നോട്ടീസ് കൊടുത്തു കുറഞ്ഞതു രണ്ടു മാസത്തിലൊരിക്കലെങ്കിലും പ്രവർത്തകസമിതി വിളിച്ചു കൂട്ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും പ്രവർത്തനങ്ങൾക്കാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.ആവശ്യമെന്നു തോന്നുന്ന ഏതു സന്ദർഭങ്ങളിലും പ്രവർത്തകസമിതി വിളിച്ചു കൂട്ടി കാര്യങ്ങൾ പ്രാർത്ഥനാപൂർവ്വം ആലോചിച്ചു കൈകാര്യം ചെയ്യണം.

4 പ്രവർത്തകസമിതിക്കു ആവശ്യമെന്നു തോന്നുമ്പോൾ സബ്കമ്മിറ്റികളെ നിയമിച്ചു പ്രവർത്തനങ്ങൾ നടത്തിക്കാം.ഇങ്ങനെയുള്ള സബ്കമ്മിറ്റികളിലേക്ക് ജനറൽ ബോഡി അംഗങ്ങളേയും നിയമിക്കാവുന്നതാണ്.

9. **ഉദ്യോഗസ്ഥാംഗങ്ങളുടെ ചുമതലകൾ**

1. **പ്രസിഡന്റ്:-** a. ജനറൽബോഡി യോഗത്തിനും പ്രവർത്തകസമിതിയോഗത്തിനും അദ്ധ്യക്ഷം വഹിക്കുക.

b. ആഫീസിലേയും പ്രവർത്തനസ്ഥലങ്ങളിലേയും എല്ലാ പ്രവർത്തകരുടേയും പ്രവർത്തനങ്ങളുടേയും മേൽനോട്ടം വഹിക്കുക.

C ജനറൽ ബോഡിയുടേയും പ്രവർത്തകസമിതിയുടേയും തീരുമാനങ്ങൾ നടപ്പിൽ വരുത്തുക.

2. **വൈസ് പ്രസിഡന്റ്:-** a. പ്രസിഡന്റിന്റെ അഭാവത്തിൽ ജനറൽ ബോഡിയോഗത്തിലും പ്രവർത്തകസമിതിയോഗത്തിലും അദ്ധ്യക്ഷം വഹിക്കുക.

b. പ്രസിഡന്റ് ആവശ്യപ്പെടുന്ന സഹായങ്ങൾ പ്രവർത്തനത്തിനു ചെയ്തു കൊടുക്കുക.

3.**സെക്രട്ടറി:-**.a പ്രസിഡന്റിന്റെ ആഫീസ് പ്രവർത്തനങ്ങളിൽ ആവശ്യമായ സഹായങ്ങൾ ചെയ്യുക.

b. ജനറൽബോഡി, പ്രവർത്തകസമിതി ഇവയുടെ മിനിറ്റ്സ് എഴുതുക.

c. മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ രേഖകളും ബുക്കുകളും സൂക്ഷിക്കുക.

d. ഫെലോഷിപ്പിന്റെ വരവുടിലവു കണക്ക് എഴുതി സഹായിക്കുക.

4.**ട്രഷറർ:-**.a. പ്രസിഡൻന്റും ട്രഷററും ജോയിന്റ് അക്കൗണ്ടായി ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുക.

b. വരവുചെലവു കണക്കുകൾ സൂക്ഷിക്കുക.

c. പ്രവർത്തസമിതിയിലും ജനറൽ ബോഡിയോഗത്തിലും കണക്ക് ഹാജരാക്കുക.

d. പ്രവർത്തകസമിതിയുടെ നിർദ്ദേശാനുസരണം മാത്രം പണം ചെലവഴിക്കുക.

10. <u>വരവു ചെലവ്</u>

1 മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ ഒരു വിശ്വാസ പ്രസ്ഥാനം ആണ്. അംഗങ്ങളിൽ നിന്നും ഇന്ത്യയിലും ഇന്ത്യക്ക് വെളിയിലുമുള്ള അനുഭാവികളിൽ നിന്നും ഔദാര്യ സംഭാവനകൾ സ്വികരിച്ചു ഫെലോഷിപ്പിന്റെ ഉദ്ദേശനിർവഹണത്തിനായി മാത്രം ചെലവഴിക്കേണ്ടതാണ്.മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ നിലമ്പൂരിന്റെ അംഗങ്ങൾക്കും സംഭാവനകൾ നൽകുന്നവർക്കും തന്നെ ഫെലോഷിപ്പിന്റെ വരുമാനത്തിലും സ്വത്തുക്കളിൽ മേലോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2. പ്രവർത്തകസമിതി തീരുമാനിക്കുന്ന ബാങ്കിൽ മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ പേരിൽ പണം നിക്ഷേപിക്കുവാനും പിൻവലിക്കാനും പ്രസിഡന്റിനും ട്രഷറർക്കും കൂട്ട അവകാശമുണ്ടായിരിക്കുന്നതാണ്.പ്രവർത്തക സമിതിയുടെ തീരുമാനപ്രകാരം ചെലവു ചെയ്യേണ്ടതാണ്. എന്നാൽ പ്രത്യേക സാഹചര്യത്തിൽ 200 രൂപ വരെ ചെലവാക്കുവാൻ പ്രസിഡന്റിനും സെക്രട്ടറിക്കോ അധികാരമുണ്ടായിരിക്കും. പിന്നീട് പ്രവർത്തകസമിതിയുടെ അധികാരം വാങ്ങിക്കേണ്ടതാണ്.

3. ഫെലോഷിപ്പിന്റെ സ്വത്തുക്കൾ മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിനു വേണ്ടി പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിൽ കൂട്ടായി വാങ്ങിക്കേണ്ടതാണ്.

11. <u>**മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ വക സ്ഥലത്തിന്റെ ഉപയോഗം.**</u>

a.സുവിശേഷ വിഹിത വിശ്വാസത്തിനു അനുയോജ്യമായ കൺവെൻഷൻ ബൈബിൾ ക്ളാസ്സുകൾ,കോൺഫറൻസുകൾ,കൂട്ടായ്മ യോഗങ്ങൾ മുതലായവകൾ സ്ഥലത്തു വെച്ചു നടത്തുക.

b. മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ ഉദ്ദേശങ്ങളിൽപ്പെട്ട മറ്റു കാര്യങ്ങളും അവിടെ വെച്ച് നടത്താവുന്നതാണ്.

12. <u>നിയമനിർമ്മാണം ഭേദഗതി</u>.-. ജനറൽ ബോഡി യോഗത്തിൽ 75 ശതമാനം അംഗങ്ങളുടെ വോട്ടുണ്ടെങ്കിൽ നിയമങ്ങൾ ഭേദഗതി ചെയ്യാവുന്നതാണ്.

13. മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ ഉദ്ദേശനിർവഹണത്തിനായി പ്രവർത്തിക്കുന്ന ഇതിലെ അംഗങ്ങളല്ലാത്ത ജോലിക്കാർക്ക് ശമ്പളമോ,പ്രതിഫലമോ ഫെലോഷിപ്പിന്റെ വരുമാനത്തിൽ നിന്നും നൽകാവുന്നതാണ്.

14. രണ്ടായിരം ഉറുപ്പികയിൽ അധികം വിലവരുന്ന വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനു ജനറൽ ബോഡിയോഗത്തിന്റെ അംഗീകാരം ഉണ്ടായിരിക്കണം.രണ്ടായിരം ഉറുപ്പിക വരെ വിലയുള്ള സ്വത്തുക്കൾ പ്രവർത്തകസമിതിക്കു കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ പൊതുയോഗത്തിന്റെ അംഗീകാരത്തിനു വിധേയമായിരിക്കണം.

മേൽ എഴുതിയ നിയമങ്ങളും ചട്ടങ്ങളും മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ നിയമങ്ങളുടേയും ചട്ടങ്ങളുടേയും അറിയിപ്പാണെന്നും താഴെ പേരെഴുതി ഒപ്പിട്ടിട്ടുള്ള ഞങ്ങൾ സത്യ പ്രതിജ്ഞ ചെയ്യുന്നു.

1. റവറന്റ് പി.പി. തോമസ്, പള്ളത്തിൽ വീട്,മുക്കട്ട,നിലമ്പൂർR.S പ്രസിഡന്റ്.
2. ഏ.കെ.ഈശോ,ആററാശ്ശേരിൽ വീട്,p.o പാലാങ്കര,നിലമ്പൂർ R.S വൈസ് പ്രസിഡന്റ്.
3. കെ.ജോർജ്ജ്, ഇട്ടിരാടത്ത്,മുപ്പിനി,മൂത്തേടം p.o നിലമ്പൂർ,സെക്രട്ടറി.
4. സി.എ.തോമസ്,ചെമ്മരിക്കാട്ട്, വടക്കുംപാടം കാരാട് p.o,ട്രഷറർ

5 വി.ജെ.ജോൺ,വള്ളക്കാലിൽ,പുത്തൻപുരക്കൽ,പാലേങ്കര p.o,കരുളായി,നില മ്പൂർ,കമ്മറ്റി മെമ്പർ.

6 കെ.എം.മത്തായി.

7 പി.എം.ജോർജ്ജ്,തട്ടാൻപറമ്പിൽ,മുപ്പിനി.

സാക്ഷികൾ

1.പൊൻവേലിൽ പി.ജെ.ജോൺ. കരുളായി p.o നിലമ്പൂർ.

2.പി.സി.വർക്കി,പുത്തേടത്തുമണ്ണിൽ,പുല്ലഞ്ചേരി p.o നല്ലംതണ്ണി.

ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ വിശ്വസിക്കുന്ന ഏവർക്കും ഇതിൽ അംഗമാകാവുന്നതാണ്.

**Rev. P.P Thomas**
President

Phone:04931-20458

# Malabar Bible Fellowship Nilambur

Reg.No 194 / 1976 Malappuram

President : Rev. P.P THOMAS
Vice President : K.M MATHAI
Secretary : T.M THOMAS
Treasurer : M.K STEPHEN

BIBLE FELLOWSHIP CENTER
MUKKATTA, NILAMBUR R.S-679330
MALAPPURAM DT., KERALA STATE, INDIA

19-04-1995

To,
The District Registrar
Malappuram Dt
Malappuram.

Dear Sir,

*വിഷയം: നിയമാവലി ഭേദഗതി.*

മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂർ Reg No:194/1976 മലപ്പുറം എന്ന സ്ഥാപനത്തിന്റെ നിയമാവലിയിൽ ഒരു ഭേദഗതി ആവശ്യമായി വന്നു.

ടി സ്ഥാപനത്തിന്റെ പ്രവർത്തക സമിതിയെ ഡിസംബർ മാസത്തിൽ തെരഞ്ഞെടുക്കണമെന്നാണ് നിയമാവലി വകുപ്പ് 7 പിരിഡിൽ പറയുന്നത്.അക്കാലത്ത് സാമ്പത്തിക വർഷം ജനുവരി മുതൽ ഡിസംബർ വരെ ആയിരുന്നു.

എന്നാൽ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മാർച്ചു വരെയായിരിക്കണമെന്ന് കേന്ദ്ര ഗവർമെന്റു നിർദ്ദേശിച്ചു. മാർച്ചു 31നു അവസാനിക്കുന്ന വാർഷികകണക്കു ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്തു തരുന്നതിന് ജൂൺ -ജൂലൈ വരെ കാത്തിരിക്കേണ്ടി വരുന്നു. അതു ലഭിച്ച ശേഷം ജനറൽ ബോഡി ജൂണിലോ ജൂലൈലോ ചേരുവാനാണ് സാധിക്കുക.

അക്കാരണത്താലാണു ഡിസംബറിൽ നടത്തേണ്ട പ്രവർത്തനസമിതി തെരഞ്ഞെടുപ്പ് ജൂൺ/ജൂലൈ മാസത്തിലായത്. ആ പ്രശ്നം പരിഹരിക്കാൻ നിയമാവലി വകുപ്പ് 7 പിരീഡ് 1 ഭേദഗതി ചെയ്യേണ്ടിവന്നു.

## ഭേദഗതി തീരുമാനം

മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ 27-ാ മതു പൊതു യോഗം 1995 ഏപ്രിൽ 13നു വ്യാഴാഴ്ച 10 മണിക്കു പ്രസിഡന്റു റവ.പി.പി തോമസിന്റെ അദ്ധ്യക്ഷതയിൽ മലബാർ ബൈബിൾ ഫെലോഷിപ്പ് സെന്ററിൽ കൂടി താഴെകാണുന്ന ഭേദഗതി പാസ്സാക്കി.

യോഗത്തിൽ 72% ഹാജർ ഉണ്ടായിരുന്നു. (കോറം 51%) സെക്രട്ടറി പ്രമേയം അവതരിപ്പിച്ചു.

| **13-4-1995 വരെ നിലവിലിരുന്ന വകുപ്പ് 7. പിരിവ് 1** | **13-4-1995 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതി.വകുപ്പ് 7. പിരിവ് 1** |
| --- | --- |
| ജനറൽ ബോഡി 3 വർഷം തികയുമ്പോൾ പ്രവർത്തക സമിതി ഡിസംബർ മാസത്തിൽ വിളിച്ചുകൂട്ടി അടുത്ത 3 വർഷത്തേക്കുള്ള പ്രവർത്തക സമിതിയെ തെരഞ്ഞെടുക്കണം.തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ബന്ധപ്പെട്ട രജിസ്റ്റാർക്ക് അയച്ചു കൊടുക്കണം. | ജനറൽബോഡി 3 വർഷം തികയുമ്പോൾ,പ്രവർത്തക സമിതി ജനറൽ ബോഡിയോഗം ജൂൺ-ജൂലൈ മാസത്തിൽ വിളിച്ചു കൂട്ടി അടുത്ത 3 വർഷത്തേക്കുള്ള പ്രവർത്തക സമിതിയെ തെരഞ്ഞെടുക്കണം.തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ബന്ധപ്പെട്ട രജിസ്റ്റ്റാർക്കു അയച്ചു കൊടുക്കണം |

ഈ ഭേദഗതിയെ ശ്രീ. ഒ.ടി.വർഗ്ഗീസ് പിൻതാങ്ങി.യോഗം ഏകകണ്ഠമായി പാസ്സാക്കി.

മലബാർ ഫെലോഷിപ്പിന്റെ ഭേദഗതി അംഗീകരിക്കുവാനും കാലതാമസം മാർച്ച് ആക്കി നിലവിലുള്ള പ്രവർത്തക സമിതിയെ അംഗീകരിച്ചു തരുവാനും അപേക്ഷിച്ചു കൊള്ളുന്നു.

പ്രവർത്തകസമിതിയുടെ ലിസ്റ്റ് ഇതിനോടു ചേർത്തു അയക്കുന്നു. ഈ കത്തിന്റെ ഒന്നാം പേജിൽ ആദ്യ ഭാഗത്തു വിശദീകരിച്ചിരിക്കുന്ന കാരണത്താലാണ്. ആ വ്യത്യാസം മാർച്ചാക്കി ലിസ്റ്റ് അംഗീകരിച്ചു തരുവാൻ അപേക്ഷിക്കുന്നു.

പൊതു യോഗം

മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ ഒരു അസാധാരണ പൊതുയോഗം മുൻ അജണ്ട യിൽ കാണിച്ചിരുന്നതുപോലെ 2013 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച ഉച്ചക്കു ശേഷം 5.30 ന് ഫെലോഷിപ്പ് പള്ളിയിൽ വച്ച് പ്രസിഡന്റ് ഡോ. തോമസ് ജോർജ്ജിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കൂടി പാട്ടോടെ യോഗം ആരംഭിച്ചു.

തുടർന്ന് ബ്രദർ. പോൾ ദിവാകരൻ പ്രാർത്ഥിച്ച് തുടർനടിപടികളിലേക്ക് പ്രവേശിച്ചു. പാട്ടു പാടി 145-ാം സങ്കീർത്തനം റവ. ഡോ. ജോൺസൺ തേക്കടയിൽ വായിച്ച് ആരാധനക്കു നേതൃത്വം കൊടുത്തു. ശ്രീ. ഒ.റ്റി. വർഗ്ഗീസ്, ശ്രീമതി. മേരി തോമസ് സ്തോത്രം ചെയ്തും തുടർന്ന് പ്രവർത്തി ക്കാനുള്ള വഴികളെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. കടന്നു വന്നവരെ യെല്ലാഅംഗ ങ്ങളെയും ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റ് എ.എം. വർഗ്ഗീസ് സ്വാഗതം അർപ്പിച്ചു. പ്രസിഡന്റ് ഡോ. തോമസ് ജോർജ്ജ് ഇന്നത്തെ പൊതുയോഗത്തെക്കുറിച്ചും സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല എന്ന തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഓർപ്പിച്ചു.
യോഗത്തിന്റെ കോറം:

ഈ പൊതുയോഗത്തിന്റെ കോറം 83% (23/20)

1) തീരുമാനങ്ങൾ

നിയമാവലി ഭേദഗതി ചെയ്തത്:

1. പ്രവർത്തന പരിധി:- മലബാർ മേഖല

6. ഭരണം

6:1 മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന് ഒരു പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഡയറക്ടർ എന്നീ ഔദ്യോഗിക ചുമതലക്കാർ ഉണ്ടായിരിക്കേണ്ടതാണ്.

9:(5) - ഡയറക്ടർ

9:(5) 1. ദൈനംദിന ഭരണനിർവ്വഹണം നടത്തുക.

2. ജനറൽ ബോഡിയുടെയും പ്രവർത്തക സമിതിയുടെയും തീരുമാനങ്ങൾ നടപ്പിലാക്കുക.

3. മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ ഉദ്ദേശ ലക്ഷ്യം പൂർത്തികരണത്തിനായി ആവ ശ്യാനുസരണം പ്രവർത്തിക്കുക.

4. മലബാർ ബൈബിൾ ഫെലോഷിപ്പിനു വേണ്ടി സർക്കാർ, സർക്കാർതിര ഏജൻസികളു മായി മലബാർ ബൈബിൾ ഫെലോഷിപ്പിനെ പ്രതിനിധീകരിച്ച് കത്തിടപാടുകൾ നടത്തുക.

5. മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ വർഷന്തോറുമുള്ള ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുകയും ആയതിൽ മലബാർ ബൈബിൾ ഫെലോഷിപ്പിനുവേണ്ടി ഒപ്പു വെക്കുകയും ചെയ്യുക.

6. മേൽ പറഞ്ഞ കാര്യങ്ങൾ പ്രവർത്തക സമിതിയുടെ അംഗീകാരത്തോടുക്കൂടി ചെയ്യുക.

10:(3) - പ്രവർത്തക സമിതി തീരുമാനിക്കുന്ന ബാങ്കിൽ മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂ രിന്റെ പേരിൽ പണം നിക്ഷേപിക്കുവാനും, പിൻവലിക്കുവാനും പ്രസിഡന്റിനും ട്രഷറർക്കും കൂട്ടവ കാശമുണ്ടായിരിക്കുന്നതാണ്. പ്രവർത്തക സമിയതിയുടെ തീരുമാനപ്രകാരം മാത്രം ചെലവ് ചെയ്യേ ണ്ടതാകുന്നു. എന്നാൽ പ്രത്യേക സാഹചര്യത്തിൽ പതിനായിരം രൂപ വരെ ചെലവാക്കുവാൻ ഡയ റക്ടർക്ക് അധികാരം ഉണ്ടായിരിക്കും. തൊട്ടടുത്ത പ്രവർത്തക സമിതിയുടെ അംഗീകാരം വാങ്ങേ ണ്ടതാണ്.

13. മലബാർ ബൈബിൾ ഫെലോഷിപ്പ് നിലമ്പൂരിന്റെ ഉദ്ദേശ നിർവ്വഹണത്തിനായി പ്രവർത്തിക്കുന്ന ഇതിലെ അംഗങ്ങളല്ലാത്ത ജോലിക്കാർക്ക് ശബളമോ പ്രിതിഫലമോ ഫെലോഷിപ്പിന്റെ വരുമാനി ത്തിൽ നിന്നും നൽകാവനുന്നതാണ്.

13: (1) ഡയറക്ടർക്ക് ജനറൽ ബോഡിയുടെ അംഗീകാരത്തോടെ ഹോണറേറിയം നൽകാവുന്നതാ ണ്.

15. അംഗത്വം

1. മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ അടിസ്ഥാന വിശ്വാസങ്ങൾ അംഗീകരിക്കുകയും ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ താല്പര്യപ്പെടുകയും ചെയ്യുന്നവർക്ക് രേഖാമൂലമുള്ള അപേക്ഷയിന്മേൽ പ്രവർത്തക സമിതിയുടെ ശുപാർശപ്രകാരം ജനറൽ ബോഡിക്ക് അംഗത്വം നൽകാവുന്നതാണഅ.

2.മുൻകൂർ അനുവാദമില്ലാതെ തുടർച്ചയായി 3 പൊതുയോഗങ്ങളിൽ സംബന്ധിക്കാതിരിക്കു കയോ മലബാർ ബൈബിൾ ഫെലോഷിപ്പിന്റെ പ്രവർത്തനങ്ഹളിൽ തുടർച്ചയായി സഹകരിക്കാതി ക്കുകയോ, വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്ന അംഗങ്ങളെ പ്രവർത്തക സമിതി യുടെ ശുപാർശ പ്രകാരം അംഗത്വത്തിൽ നിന്നും ജനറൽ ബോഡിക്കു നീക്കം ചെയ്യാവുന്നതാണ്.

ഒ.റ്റി. വർഗ്ഗീസ് (സെക്രട്ടറി)